# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി4)1178/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 16/10/2025
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി4)1178/2025 തീയ്യതി: 16/10/2025

# തൃശൂർ ജില്ലയിലെ എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-10-2024 മുതൽ 10-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2025 | 11-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2025 | 11-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ജയകൃഷ്ണൻ.എസ്.ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) (04-08-2025 മുതൽ 05-08-2025 വരെ)

ബേബി.പി.വി. ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) (07-08-2025 മുതൽ 11-08-2025 വരെ)

ജോഷി.സി.ജെ. ഓഡിറ്റ് ഓഫീസർ

സുനിൽകുമാർ കെ.സി.അസി.ഓഡിറ്റ് ഓഫീസർ

ജീജോ ജോബ് സീനിയർ ഗ്രേഡ് ഓഡിറ്റർ

ജോയ്സൻ സി.ജെ.സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗീതു കണ്ണൻ | പ്രസിഡന്റ് | 01-04-2024 | 29-08-2024 |

| | | | |
|---|---|---|---|
| ശ്രീമതി ബിന്ദു സുരേഷ് | പ്രസിഡന്റ് | 30-08-2024 | 31-03-2025 |
| ശ്രീ. പരമേശ്വരൻ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ചിഞ്ചു പി. ബാബു | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ഷൈനി എം. | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ഡോ. നിജു | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 04-08-2024 |
| ഡോ. ജോസ് ടി. ജേക്കബ്ബ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 05-08-2024 | 31-03-2025 |
| ഡോ. ശ്രീജ എസ്. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ. സജി പി.എ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ശ്രീമതി അനിതകുമാരി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 12-08-2024 |
| ശ്രീമതി രാധിക ബി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 13-08-2024 | 31-03-2025 |
| ശ്രീ. സജീവ് പി.ബി. | ഹെഡ്മാസ്റ്റർ, ജി.എം.യു.പി.എസ്., ചേറ്റുവ | 01-04-2024 | 31-03-2025 |
| ശ്രീമതി രശ്മി മാനുവൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 14-08-2024 |
| ശ്രീ. അനൂപ് സോമൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-08-2024 | 31-03-2025 |
| ശ്രീമതി സഖി എൽ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി സ്മിത ഐ.വി. | വി ഇ ഒ (ഏങ്ങണ്ടിയൂർ സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീ. റെനീഷ് എ.എച്ച്. | വി ഇ ഒ (കുണ്ടലിയൂർ സർക്കിൾ) | 01-04-2024 | 23-01-2025 |
| ശ്രീമതി സ്മിത ഐ.വി. | വി ഇ ഒ (കുണ്ടലിയൂർ സർക്കിൾ) | 24-01-2025 | 31-03-2025 |
| ശ്രീമതി ശ്രുതിമോൾ യു.എം. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി മംഗള കെ.എൽ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ലൈഫ് ലോൺ വായ്പ തിരിച്ചടവ്- വികസനഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | പ്രത്യേക ഉദ്ദേശ്യത്തിനായുള്ള സ്ഥിരനിക്ഷേപങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | റവന്യൂ ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ചെലവ് ശീർഷകത്തിൽ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു | 1-1-4 |
| 6 | ഹഡ് കോ ലോൺ വിഹിതം തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-5 |
| 7 | മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-6 |
| 8 | ലഭ്യത സംശയാസ്പദമായ തുകയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-9 |
| 11 | Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല | 1-1-10 |
| 12 | Rent From Lease Of Land- ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-11 |
| 13 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല | 1-1-12 |
| 14 | ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല | 1-1-13 |
| 15 | വസ്തുനികുതി- വാർഷിക കണക്കും സഞ്ചയ ഡി.സി.ബി. യും പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-15 |
| 17 | ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-16 |
| 18 | അഡ്വാൻസ് റജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, എ.സി.ആർ എന്നിവ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | ഫണ്ട് വിനിയോഗം | 1-3 |
| 21 | പദ്ധതി അവലോകനം | 1-4 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 23 | ക്ഷേമ പദ്ധതികൾ | 1-6 |
| 24 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 25 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 26 | വ്യപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-അപാകങ്ങൾ | 1-9 |
| 27 | സ്ഥാപന തൊഴിൽ നികുതി,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല | 1-10 |
| 28 | ഗ്രാമപഞ്ചായത്ത് പരിധിയിലെ സെൻസസ്സ് പ്രകാരമുള്ള എല്ലാ വളർത്തുനായ്ക്കൾക്കും ഡോഗ് ലൈസൻസ് എടുക്കുന്നില്ല | 1-11 |
| 29 | വിദ്യഭ്യാസാവശ്യത്തിനായി ക്രമവത്ക്കരണം നടത്തിയിട്ടുള്ള കെട്ടിടത്തിൽ ഓഡിറ്റോറിയം പ്രവർത്തിക്കുന്നു | 1-12 |
| 30 | 10.01.2024 പണിപൂർത്തീകരിച്ച കെ.പി.ബി.ആർ ചട്ടലംഘനമുള്ള കെട്ടിടം ക്രമവത്ക്കരിച്ച് 2024-25 രണ്ടാം അർദ്ധവർഷം മുതൽ പ്രബല്യത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി | 1-13 |
| 31 | ക്രമവത്ക്കരണ ഫീസ് ഈടാക്കിയില്ല, വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 5 മീറ്റർ വഴി സൗകര്യമുള്ള കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തിയില്ല | 1-14 |

| | | |
|---|---|---|
| 32 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്, ഒറ്റതവണ നികുതി അടവാക്കൽ- ഒക്ക്യുപ്പൻസി അനുവദിക്കുന്നതിന് മുൻപ് അടവാക്കിയെന്ന് ഉറപ്പുവരുത്തേണ്ടതാണ് | 1-15 |
| 33 | വാഹനങ്ങളുടെ ഉപയോഗം- പോരായ്മകൾ | 1-16 |
| 34 | പഠനമുറി നിർമാണം പൂർത്തീകരിച്ചില്ല | 1-17 |
| 35 | വയോജനങ്ങൾക്ക് കട്ടിൽ (എസ് സി)- വിതരണരേഖകൾ ഹാജരാക്കിയില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു | 1-18 |
| 36 | അലോപ്പതി മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-19 |
| 37 | കരാർ കാലാവധി ദീർഘിപ്പിക്കുന്നത് അപാകതകൾ | 1-20 |
| 38 | മണ്ണ് സ്റ്റാക്ക് ചെയ്തത്-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-21 |
| 39 | SC വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം - ഒരു ലാപ് ടോപ്പ് വിതരണം ചെയ്തിട്ടില്ല | 1-22 |
| 40 | ചായം പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-23 |
| 41 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - വാങ്ങലുകളിലെ അപാകങ്ങൾ | 1-24 |
| 42 | വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും കേൾവിസഹായ ഉപകരണങ്ങൾ വാങ്ങൽ - തുക കൈമാറിയിട്ടും കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | 1-25 |
| 43 | ഭവനനിർമ്മാണം നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 44 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-27 |
| 45 | നിർവഹണ ഏജൻസികൾക്ക് മുൻകൂർ- പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-28 |
| 46 | ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് പണി- യഥാർത്ഥ ചെലവുതുകയേക്കാൾ കൂടുതൽ തുക അനുവദിച്ചു-5,663 രൂപ നിരാകരിക്കുന്നു | 1-29 |
| 47 | അഡ്വക്കേറ്റ് ഫീസ്- ആദായ നികുതി - ടി ഡി എസ് നടത്തുന്നില്ല | 1-30 |
| 48 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം | 1-31 |
| 49 | ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനം - അവലോകനം | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് പണി- യഥാർത്ഥ ചെലവുതുകയേക്കാൾ കൂടുതൽ തുക അനുവദിച്ചു-5,663 രൂപ നിരാകരിക്കുന്നു | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ്- വിവരശേഖരണം | 4-1 |
| 2 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 09-06-2025 ലെ 2(1)ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 16-06-2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: തൃശ്ശൂർ**

**തീയതി :16.10.2025**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 ലൈഫ് ലോൺ വായ്പ തിരിച്ചടവ്- വികസനഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകകൾ താഴെ ചേർക്കുന്ന പ്രൊജക്ടുകൾ പ്രകാരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ നമ്പറും പേരും | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക |
|---|---|---|
| 2 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)-രണ്ടാം ഗഡു (പ്രൊ.നം. 296/25) | 4,77,949 |

| | | |
|---|---|---|
| 3 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)-മൂന്നാം ഗഡു (പ്രൊ.നം. 297/25) | 4,74,850 |
| 4 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)-മൂന്നാം ഗഡു (പ്രൊ.നം. 298/25) | 3,341 |
| | ആകെ | 9,56,140 |

എന്നാൽ മേൽ ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ലൈഫ് മിഷൻ വായ്പ തിരിച്ചടവ് 330500202-Secured Loans- Loan From HUDCO എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്യാത്തതിനാൽ 9,56,140 രൂപയുടെ ബാധ്യത മേൽ ശീർഷകത്തിൽ അധികമായി ഉൾപ്പെട്ടിട്ടുണ്ട്. ആയത് ബാലൻസ്ഷീറ്റിന്റെ അന്തിമ ഫലത്തെ ബാധിക്കുന്നു. 2025-26 വർഷത്തിൽ മേൽ തുക ശരിയായ ശീർഷകത്തിലേക്ക് ഡെബിറ്റ് ചെയ്യേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.06/07-08-2025)

## 1-1-2 പ്രത്യേക ഉദ്ദേശ്യത്തിനായുള്ള സ്ഥിരനിക്ഷേപങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

പഞ്ചായത്ത് കമ്മിറ്റി തെരഞ്ഞെടുക്കുന്ന പാവപ്പെട്ട രോഗികൾക്ക് ചികിത്സാ സഹായം (എൻഡോവ്മെന്റ്) നൽകുന്നതിനായി സെക്രട്ടറിയുടെ പേരിൽ ഏങ്ങണ്ടിയൂർ ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ സ്ഥിരനിക്ഷേപമായി ഏർപ്പെടുത്തിയ 1,62,501 രൂപയുടെ താഴെ ചേർക്കുന്ന സ്ഥിരനിക്ഷേപങ്ങൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 ൽ ഇൻവെസ്റ്റ്മെന്റ് ആയും ഷെഡ്യൂൾ ബി-2 ൽ എൻഡോവ്മെന്റ് ആയും ഉൾപ്പെടുത്തിയിട്ടില്ല. സ്ഥിരനിക്ഷേപങ്ങളിൽ നിന്നുള്ള പലിശ മാത്രമാണ് 311710101-Endowments എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. (ഓഡിറ്റ് അന്വേഷണം നം.06/07-08-2025)

| എൻഡോവ്മെന്റിന്റെ പേര് | സ്ഥിര നിക്ഷേപത്തിന്റെ തുക | സ്ഥിര നിക്ഷേപത്തിന്റെ നം | സ്ഥിര നിക്ഷേപത്തിന്റെ കാലയളവ് |
|---|---|---|---|
| കളത്തിൽ കൗസല്യ സ്മാരക എൻഡോവ്മെന്റ് | 50000 | FD No.52484 | 14.8.2008 To 14.11.2091 (999 മാസം) |
| പനക്കൽ പൂവല്ലി ചന്ദ്രശേഖരൻ സ്മാരക എൻഡോവ്മെന്റ് | 50000 | FD No.138123 | 26.5.2016 To 26.8.2099 (999 മാസം) |
| പഴയേടത്ത് രാധാകൃഷ്ണൻ നായർ സ്മാരക എൻഡോവ്മെന്റ് | 62501 | FD No. 102140010165802 | 1.3.2019 To 1.6.2102 (999 മാസം) |

## 1-1-3 റവന്യു ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

എ) അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ വികസന ഫണ്ട് ഒന്നാം ഗഡുവിൽ നിന്നും കറവ് ചെയ്ത തുകയായ 10,07,400 രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ / ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രൊജക്ട് നം. 295/25 ൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഇൻകം & എക്സ്പൻഡിച്ചർ പത്രികയിൽ വരവിലും ചെലവിലും ഉൾപ്പെട്ടില്ല.

ബി) ബ്ലോക്ക് വിഹിതം ഇനത്തിൽ 2024-25 വർഷത്തെ ആകെ ചെലവ് സുലേഖ ചെലവ് പത്രിക പ്രകാരം 44,01,811 രൂപയും വാർഷിക ധനകാര്യ പത്രിക പ്രകാരം (ഇൻകം & എക്സ്പൻഡിച്ചർ പത്രിക ഷെഡ്യൂൾ ഐ-6) 43,81,811 രൂപയുമാണ്. പ്രൊ.നം. 190/25 – അംഗീകാരമുള്ള ലൈബ്രറികൾക്ക് ദിനപത്രം നൽകൽ എന്ന പ്രൊജക്ട് പ്രകാരമുള്ള 20,000 രൂപയുടെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-4 ചെലവ് ശീർഷകത്തിൽ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു

ഇൻകം & എക്സ്പൻഡിച്ചർ പത്രികയിൽ ഷെഡ്യൂൾ ഐ-14(എഫ്) ൽ 256100117- Treatment Expenses- Mahathma Gandhi NREGA/AUEGS എന്ന ശീർഷകത്തിൽ നെഗറ്റീവ് ബാലൻസ് കാണുന്നു(-2635). ആയത് വിശദീകരിക്കേണ്ടതാണ്.

## 1-1-5 ഹഡ് കോ ലോൺ വിഹിതം തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

ലൈഫ് ഭവന പദ്ധതിക്കായി ഹഡ്കോ ലോൺ വരവ് വെയ്ക്കുന്ന Canara Bank Hudco Loan (110133953440) എന്ന ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് ബുക്കിൽ 31-03-2025ൽ 5,20,000 രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ടി തുക, 330500202-Secured Loans- Loan From HUDCO എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുന്നതിന് പകരം 320300199-Grants, Funds & Contributions For Specific Purposes - Other Government Agencies എന്ന ശീർഷകത്തിൽ തെറ്റായി ക്രെഡിറ്റ് ചെയ്തു. ആയതിനാൽ 330500202-Secured Loans- Loan From HUDCO എന്ന ശീർഷകത്തിൽ 5,20,000 രൂപയുടെ ലോൺ ബാധ്യത ഉൾപ്പെട്ടിട്ടില്ല. 2025-26 വർഷത്തിൽ മേൽ തുക ശരിയായ ശീർഷകത്തിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

## 1-1-6 മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

2024-25 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം വിവിധ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റിയിലും, തെരുവ് വിളക്ക് മീറ്ററിംഗിനായി കെ.എസ്.ഇ.ബി.യിലും തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുമ്പോൾ മാത്രം ആയത് ആസ്തി ശീർഷകത്തിൽ ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് / ആസ്തി ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പറും പേരും | തുക (ഫണ്ടിനം) | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | വൗച്ചർ നമ്പർ / തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ചെലവ് ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|---|
| 1 | ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് തെരുവ് വിളക്ക് മീറ്ററിംഗ് 180/25 | 87,556 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് -83,387 തനത് ഫണ്ട് - 4,169) | കെ.എസ്.ഇ.ബി. | 42401412/ 26.03.25, ₹4,169 | 41510003- Streetlights- Streetlights | 460500202- Advance To Implementing Agencies- Deposit With Kerala Electricity Board |
| | | | | 42401637/ 25.03.25, ₹83,387 | 41510004- Streetlights- Streetlight Meter | |
| 2 | പി.വൈ.സി. കിണർ-മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ -191/25 | 11,45,900 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | കേരള വാട്ടർ അതോറിറ്റി | 42401369/ 21-03-2025, ₹10,31,490 | 414120002 \| Public Drinking Water Programmes- New Open Well | 460500201- Advance To Implementing Agencies-Deposit With Kerala Water Authority |
| | | | | 42401379/24-03-2025, ₹1,14,410 | 251120102- Public Drinking Water Programmes- Maintenance Of Public Well | |
| 3 | തിരുനാരാണ | 12,93,000 | കേരള വാട്ടർ | 42400800/ | 414120007- | |

| | | | | | | |
|---|---|---|---|---|---|---|
| | കിണർ ടാങ്ക് - പമ്പ് സെറ്റ് സ്ഥാപിക്കൽ- 137/25 | (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | അതോറിറ്റി | 26-11-2024, ₹11,63,700 42400868/06-12-2024, ₹1,29,300 | Public Drinking Water Programmes-Tank | |

## 1-1-7 ലഭ്യത സംശയാസ്പദമായ തുകയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സ.ഉ(കൈ) 152/2011/ത.സ്വ.ഭ.വ., തീ.26.07.2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 [ചട്ടം58(4)എച്ച്] എന്നിവ പ്രകാരം രണ്ട് വർഷത്തിലധികമായി പിരിഞ്ഞ് കിട്ടാതെ ശേഷിക്കുന്ന ഡിമാന്റുകൾക്ക് നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതാണ്. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ (റസിഡൻഷ്യൽ & നോൺറെസിഡൻഷ്യൽ) 19,02,380 രൂപ കുടിശ്ശിക ഉണ്ട്. എന്നാൽ ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-8 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 23,93,536 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,70,00,632 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-9 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62(ഇ)& (എഫ്)).

## 1-1-10 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല

1. അഡ്വാൻസ് ശീർഷകങ്ങളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകകൾ Prior Period Expense-Administrative Expense ശീർഷകങ്ങളിൽ ചെലവായി എഴുതിത്തള്ളിയതിന് ഉപോത്ബലകമായ ജേണൽ വൗച്ചറുകളും നടപടിക്രമങ്ങളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ജേണൽ എൻട്രികളുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് സാധിച്ചില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അഡ്വാൻസ് ശീർഷകം | പ്രയർ പീരിയഡ് ശീർഷകം മുഖേന ചെലവായി എഴുതിത്തള്ളിയ തുക | ജേണൽ വൗച്ചർ നമ്പർ/തീയതി |
|---|---|---|
| 460100103-Temporary Advance For Official Purpose | 11,59,428 | 42401906/31-03-2025 |
| 460500501-Advance To Implementing Officers | 3,27,736 | 42401903/31-03-2025 |
| 460500601-Advance To Gramalakshmi | 3,531 | 42400759/14-11-2024 |

| | | |
|---|---|---|
| Mudralayam | | |

2. പ്രയർ പീരിയഡ് ശീർഷകം മുഖേന വസ്തുനികുതി ഡിമാന്റ്, മുൻകൂർ എന്നിവ വർദ്ധിപ്പിക്കുകയും കുറവ് ചെയ്യുകയും ചെയ്തതിന് ആധാരമായ രേഖകൾ ലഭ്യമാക്കിയില്ല.

190100101-Prior Period Income-Property Tax എന്ന ശീർഷകം മുഖേന വസ്തുനികുതി അഡ്വാൻസ് (റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ) വസ്തുനികുതി-(റെസിഡൻഷ്യൽ & നോൺറെസിഡൻഷ്യൽ) (അരിയർ) എന്നീ ശീർഷകങ്ങളിൽ ജേണൽ എൻട്രികൾ മുഖേന ഡിമാന്റ് / മുൻകൂർ വർദ്ധിപ്പിക്കുകയും കുറവ് ചെയ്യുകയും ചെയ്തിട്ടുണ്ട്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ശീർഷകം | ജേണൽ വൗച്ചർ നമ്പർ/തീയതി | ഡെബിറ്റ് ചെയ്ത തുക | ക്രെഡിറ്റ് ചെയ്ത തുക |
|---|---|---|---|
| 431100102-Receivables For Property Tax On Residential Buildings (Arrears) | 42401476/31-03-2025 | 3,027 | |
| 431100104-Receivables For Property Tax On Non-Residential Buildings (Arrears) | 42401477/31-03-2025 | | 82 |
| 350410101-Advance Collection Of Revenues-Property Tax On Residential Buildings | 42401510/31-03-2025 | | 1,424 |
| 350410104-Advance Collection Of Revenues-Property Tax On Non-Residential Buildings | 42401512/31-03-2025 | 3,184 | |

## 1-1-11 Rent From Lease Of Land- ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

Register Of Rented Buildings പ്രകാരം ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ പെട്രോൾ പമ്പ് / ഐസ് ബിസിനസ് നടത്തി വരുന്ന ശ്രീമതി ഷീന പ്രകാശൻ എന്നവർക്ക് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വെ നമ്പർ 420/1 ലെ ഭൂമി 30 വർഷത്തേക്ക് പാട്ടത്തിന് നൽകിയതിന്റെ 2024-25 വർഷത്തെ വാടകയായ 5600 രൂപ 224 രൂപ പിഴപലിശ സഹിതം 2025-26 സാമ്പത്തിക വർഷത്തിൽ 25002735/26-07-2025 രസീത് മുഖേന പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ 2024-25 വർഷത്തെ ഇൻകം & എക്സ്പൻഡിച്ചർ പത്രികയിൽ 130100102-Rent From Lease Of Lands എന്ന ശീർഷകത്തിൽ ഡിമാന്റ് തുക രേഖപ്പെടുത്തുകയോ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 ൽ 431400103-Rent From Lease Of Lands എന്ന ശീർഷകത്തിൽ തുക പിരിച്ചെടുക്കാൻ അവശേഷിക്കുകയോ ചെയ്തിട്ടില്ല.

## 1-1-12 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള

വസ്തുനികുതി ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ നമ്പർ/തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110100101- Property Tax On Residential Buildings | 42401488/31.03.25 | 30,27,085 |
| 110100102- Property Tax On Non Residential Buildings | 42401498/31.03.25 | 38,16,329 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-13 ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ - ബി-17 പ്രകാരമുള്ള താഴെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 2024-25 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ബാങ്ക് അക്കൗണ്ടുകളുടെ 31-03-2025 ലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചില്ല.

| ക്രമ നമ്പർ | ബാങ്ക് /ട്രഷറി അക്കൗണ്ട് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം 31-03-2025 ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | 450210101 – Indian Overseas Bank/13230-(60301000013230) | 500 |
| 2 | 450210102 Co-Operative Bank Account Of Own Revenue Fund | 38,040 |

## 1-1-14 വസ്തുനികുതി- വാർഷിക കണക്കും സഞ്ചയ ഡി.സി.ബി. യും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തൻവർഷം**

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 30,27,085 | 30,02,076 | 14,117 | 21,246 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 30,27,085 | 29,95,095 | 20,825 | 21,246 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യുൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യുൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 (22318x20/21) |

കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത് എന്നീയിനങ്ങളിൽ തുകകൾ പൊരുത്തപ്പെടുന്നില്ല.

<u>നോൺ-റെസിഡൻഷ്യൽ</u>

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 38,16,329 | 28,38,340 | 5,342 | 9,80,784 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 38,16,329 | 28,36,535 | 7,147 | 9,80,784 |
| | (ഇൻകം & എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യുൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യുൾ ആർ.പി-45) | (350410104-Advance Collection-PT On NonRes. Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 (10,29,842x100/105) |

കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത് എന്നീയിനങ്ങളിൽ തുകകൾ പൊരുത്തപ്പെടുന്നില്ല.

**<u>കുടിശ്ശിക</u>**

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 45,736 | 26,148 | 19,630 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 42,830 | 26,148 | 19,630 |
| | *(2023-24ലെ ബാലൻസ്ഷീറ്റ് ഷെഡ്യുൾ ബി-15) (4596 + 40375 = 44,971x100/105) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യുൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യുൾ ബി-15) 20633x100/105 |

ഡിമാന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|

| | | | |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 18,42,842 | 50,747 | 17,92,100 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 18,43,025 | 50,747 | 17,92,100 |
| | *(2023-24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (10,33,668+901509= 1935177x100/105 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 1881747x100/105 |

ഡിമാന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-15 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-16 ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്യുന്നില്ല.

## 1-1-17 അഡ്വാൻസ് റജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, എ.സി.ആർ എന്നിവ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, പ്രത്യേക ആവശ്യത്തിനായി ലഭിക്കുന്ന ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ മുതലായവ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ഓരോ വർഷവും കാരിഓവർ ചെയ്ത് എഴുതുന്നില്ല. തന്മൂലം ഓരോ ഇനത്തിലെയും ബാധ്യത/ തുക ഡെപ്പോസിറ്റ് ചെയ്ത വിവരങ്ങൾ എന്നിവ വ്യക്തമല്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7, ബി-18 എന്നിവയിൽ ഉൾപ്പെട്ട ശീർഷകങ്ങളിലെ നീക്കിയിരിപ്പുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-8 പ്രകാരം 341200101-Deposit Work-Electrical എന്ന ശീർഷകത്തിൽ 500 രൂപ ഡെപ്പോസിറ്റ് അവശേഷിക്കുന്നുണ്ടെങ്കിലും ആയതിന്റെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി ബാധ്യതയുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചില്ല.

ബി4- ഷെഡ്യൂളിൽ ഉൾപ്പെട്ട പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ഐ.എൽ.ജി.എം.എസ്. ലെഡ്ജറുകളുടെ അതേ ശീർഷകത്തിലും മാതൃകയിലുമാണ് അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്റർ എഴുതി സൂക്ഷിക്കുന്നത്. ഫണ്ടുകൾ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ലഭിച്ചതെന്ന് വ്യക്തമാക്കുന്ന രീതിയിൽ രജിസ്റ്ററിൽ വരവ് ചെലവുകൾ രേഖപ്പെടുത്തേണ്ടതാണ്.

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 20.02.2024 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 41,89,37,093 | 41,72,04,387 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തിയതി | 22.03.2025 | |
| കമ്മിറ്റി തീരുമാനം | 1(2) | |

| | | |
|---|---|---|
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 39,47,33,277 | 39,19,04,387 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി*/ ലാപ്സായ തുക** |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 2,05,36,560[$] | 2,05,36,560 | 2,02,00,552[#] | 3,36,008** |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 2,24,75,000 | 2,24,75,000 | 1,79,86,883[#] | 44,88,117** |
| മെയിന്റനൻസ്, റോഡ് | | 0 | 1,33,13,000 | 1,33,13,000 | 81,01,586 | 52,11,414** |
| മെയിന്റനൻസ്, നോൺ-റോഡ് [#] | | 0 | 54,31,000 | 54,31,000 | 39,41,489 | 14,89,511** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് | ട്രഷറി | 0 | 83,387 | 83,387 | 83,387 | 0 |
| | ബാങ്ക് ## | 94,20,942 | 39,18,283 | 1,33,39,225 | 80,21,245 | 53,17,980* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് | ട്രഷറി | 0 | 6,65,138 | 6,65,138 | 0 | 6,65,138** |
| | ബാങ്ക്## | 74,16,425 | 76,35,000 | 1,50,51,425 | 74,45,762 | 76,05,663* |
| ഹെൽത്ത് ഗ്രാന്റ് – രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | | 13,241 | 3,65,910 | 3,79,151 | 1,83,089 | 1,96,062* |
| ഹെൽത്ത് ഗ്രാന്റ് – പി.എച്ച്.സി-കളെയും സബ്സെന്ററുകളെയും ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങളാക്കി മാറ്റൽ | | 5,663 | 5,87,619 | 5,93,282 | 51,010 | 5,42,272* |
| ഹെൽത്ത് ഗ്രാന്റ് – പി.എച്ച്.സി-കൾക്കും സബ്സെന്ററുകൾക്കും കെട്ടിടം | | 28,05,500 | 95,097 | 29,00,597 | 0 | 29,00,597* |

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

$ സ.ഉ.(കൈ) നം.179/2022/ധന തീയതി. 18-10-2022 പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 2,07,440 രൂപ കുറവ് ചെയ്തിട്ടുണ്ട്.

# ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ആകെ ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല (ഖ 1-1-1, 1-1-3 കാണുക).

## ബേസിക് ഗ്രാന്റിൽ വരവിൽ ബാങ്ക്പലിശ ഉൾപ്പെടുത്തിയിട്ടുണ്ട്. ബേസിക് ഗ്രാന്റിലും ടൈഡ് ഫണ്ടിലും ചെലവിൽ മുൻവർഷങ്ങളിൽ ചെലവായതും ബാധ്യതയിൽ നിന്ന് കുറവ് ചെയ്യാത്തതുമായ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-4 പദ്ധതി അവലോകനം**

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 240 | 21,65,89,458 | 163 | 6,84,01,919 | 31.58 | 67.91 |

**1-5 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2.5 | 16,45,608 | 16,45,610.5 | 16,45,605 | 5.5 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,65,04,866 | 1,65,04,866 | 1,65,04,866 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 10,08,096 | 10,08,096 | 10,08,096 | 0 |
| ആകെ | 2.5 | 1,91,58,570 | 1,91,58,572.50 | 1,91,58,567 | 5.5 |

**1-6 ക്ഷേമ പദ്ധതികൾ**

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 23,23,200 | 141 |
| വിധവാ പെൻഷൻ | 1,87,26,900 | 1222 |
| വാർദ്ധക്യകാല പെൻഷൻ | 3,29,78,300 | 2215 |
| വികലാംഗപെൻഷൻ | 41,52,700 | 272 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 13,15,200 | 83 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30,000 | 1 |

**1-7 ക്യാഷ് ബാലൻസ് പരിശോധന**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2025 തീയതിയിൽ 3:05 PM ന് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27,458 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തരനിയന്ത്രണം**

ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിൽ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 വ്യപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല.
ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന 100% ഫീൽഡ് പരിശോധന നടത്തി ഡാറ്റാ സർവ്വേ പൂർത്തിയാക്കി ഹരിതമിത്രം ക്യു.ആർ കോഡ് പതിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കച്ചവട സ്ഥാപനങ്ങൾ | 598 |
| 2 | പ്രൈവറ്റ് ഹോസ്പിറ്റൽ/ഹെൽത്ത് കെയർ സ്ഥാപനങ്ങൾ | 14 |
| 3 | ഓഡിറ്റോറിയം | 6 |
| 4 | ഓഫീസ് കെട്ടിടങ്ങൾ | 40 |
| 5 | മാർക്കറ്റ് | 1 |
| **ആകെ** | | **659** |

എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷത്തിൽ 390 സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് പഞ്ചായത്ത് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും ഹരിതമിത്രം ആപ്ലിക്കേഷനിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെയും കണക്കുകൾ തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു. മേൽ അപാകത്തിനും പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2024-25 സാമ്പത്തിക വർഷം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/08.08.2025) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വാർഡ് തലത്തിൽ ഫീൽഡ് പരിശോധന നടത്തി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതിയും ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 സ്ഥാപന തൊഴിൽ നികുതി,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാവുന്നതാണ്.
1. താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ രശീതിയുടെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/08.08.25) മറുപടി ലഭ്യമാക്കിയില്ല

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷികം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | I,II |

2. ഗ്രാമപഞ്ചായത്തിന്റെ വർക്കുകൾ എറ്റെടുത്ത് നടത്തുന്നതിന് ടെണ്ടറിന് അപേക്ഷിച്ചിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രശീതിയുടെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/08.08.25) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | രാജേഷ് സി. വി. |
| 2 | സന്തോഷ് സി. വി. |
| 3 | സുരേഷ് ബാബു പി. ആർ |
| 4 | സജി കെ. സി. |

| | |
|---|---|
| 5 | ഫിറോസ് പി. എം. |
| 6 | ശരത് വി. |
| 7 | സരിൻ ഒ. എസ്. |
| 8 | ജോൺ ബോസ്കോ |
| 9 | ജൈജു ജയപ്രകാശ് |
| 10 | ശശി കുമാർ |

3. പരിഷ്കരിച്ച നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണവകുപ്പ് 27.06.2024 തീയതിയിൽ സ.ഉ.(സാധാ.)നം.1149/2024/തസ്വഭവ. ഉത്തരവിലൂടെ ആറാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം പഞ്ചായത്തുകളിലെ തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിരുന്നു. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതലാണ് പ്രാബല്യമുള്ളത്. എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധ വർഷം മുതൽ പരിഷ്കരിച്ച നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/08.08.25) മറുപടി ലഭ്യമാക്കിയില്ല.

സ്ഥാപന തൊഴിൽ നികുതി, കരാറുകാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. കൂടാതെ 2024 രണ്ടാം അർദ്ധ വർഷം മുതൽ പരിഷ്കരിച്ച നികുതി സ്ലാബുകളനുസരിച്ച് തൊഴിൽ നികുതി പുനർനിർണയം നടത്തി കുടിശ്ശികയീടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ഗ്രാമപഞ്ചായത്ത് പരിധിയിലെ സെൻസസ്സ് പ്രകാരമുള്ള എല്ലാ വളർത്തുനായ്ക്കൾക്കും ഡോഗ് ലൈസൻസ് എടുക്കുന്നില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ 62 നായ്ക്കൾക്കാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വെറ്ററിനറി സർജൻ ലഭ്യമാക്കിയ ഗ്രാമപഞ്ചായത്തിലെ വളർത്തുനായ്ക്കളുടെ സെൻസസ് പ്രകാരം ആകെ വളർത്തുനായ്ക്കളുടെ എണ്ണം 535 ആണ്. ഇതിൽ നിന്നും 473 (535-62) നായ്ക്കൾക്ക് ലൈസൻസ് എടുത്തിട്ടില്ല എന്ന് കാണാവുന്നതാണ്. അതായത് 473x50=23,650 രൂപയുടെ വരുമാനനഷ്ടം ഗ്രാമപഞ്ചായത്തിന് 2024-25 സാമ്പത്തികവർഷം ലൈസൻസ് ഫീയിനത്തിലുണ്ടായിട്ടുണ്ട്. ആയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/08.08.25) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ നായ്ക്കളുടെ സെൻസസ് പ്രകാരം മുഴുവൻ വളർത്തുനായ്ക്കൾക്കും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 വിദ്യഭ്യാസാവശ്യത്തിനായി ക്രമവത്ക്കരണം നടത്തിയിട്ടുള്ള കെട്ടിടത്തിൽ ഓഡിറ്റോറിയം പ്രവർത്തിക്കുന്നു

സുബൈർ, ബുസ്താനുൽ ഉലും മദ്രസ്സ, എം.ഇ.എസ് സെന്റർ, കുണ്ടലിയൂർ എന്നവരുടെ അപേക്ഷ പ്രകാരം (അപേക്ഷ നം.SC3/9104/23 തി.27.12.2023) 740.73 ച.മീ (336.82ച.മീ. നിലവിലുള്ളതും, 403.91 ച.മീ. ക്രമവത്ക്കരിക്കാനുള്ളത്) വിസ്തൃതി വരുന്ന കെട്ടിടം വിദ്യഭ്യാസം (Group B-Education) എന്ന ഗണത്തിൽ ഉൾപ്പെടുത്തി, ഉത്തരവ് നം.SC3-ബിഎ(263621)/24 തി.13.08.2023 പ്രകാരം ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിന്റെ (I/601A) സഞ്ചയയിലെ ഡാറ്റാ(ഫോം 6) പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം ഓഡിറ്റോറിയമായിട്ടാണ്. ആയതുപ്രകാരം കെട്ടിടത്തിന് 35രൂപ/ച.മീ. എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. വിദ്യാഭ്യാസാവശ്യത്തിന് ക്രമവത്ക്കരിച്ച കെട്ടിടത്തിൽ ഓഡിറ്റോറിയം പ്രവർത്തിച്ചു വരുന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/10.08.25) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് പ്രസ്തുത കെട്ടിടം ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-13 10.01.2024 പണിപൂർത്തീകരിച്ച കെ.പി.ബി.ആർ ചട്ടലംഘനമുള്ള കെട്ടിടം ക്രമവത്ക്കരിച്ച് 2024-25 രണ്ടാം അർദ്ധവർഷം മുതൽ പ്രബല്യത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി

ദിനേഷ് കുമാർ വി. കെ, വടക്കുംച്ചേരി, കുണ്ടലിയൂർ എന്നവരുടെ അപേക്ഷ പ്രകാരം (അപേക്ഷ നം.SC3/4363/24 തി.17.07.2024) 925.17 ച.മീ. (278.61 ച.മീ.- താമസത്തിനും, 646.56 ച.മീ.-വിദ്യാഭ്യാസത്തിനും) വിസ്തൃതി വരുന്ന കെട്ടിടം വിദ്യഭ്യാസം (Group B-Education) എന്ന ഗണത്തിൽ ഉൾപ്പെടുത്തി, ഉത്തരവ്

നം.SC3-ബിഎ(59845)/25 തി.17.02.2025 പ്രകാരം ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്. കെട്ടിടം ക്രമവൽക്കരിച്ച് വസ്തു നികുതി ഈടാക്കിയിട്ടുള്ളത് 2024-25 രണ്ടാം അർദ്ധവർഷം മുതൽക്കാണ്. കെട്ടിടം പണിപൂർത്തീകരിച്ചിട്ടുള്ളത് 10/01/2024 ലാണ്. സെക്രട്ടറി കെട്ടിട ഉടമയ്ക്ക് അയച്ച നോട്ടീസിൽ (നം.400703/PTRE27/GENERAL/2023/8556/(2) തി.04/01/24) അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 5/209 എന്ന കെട്ടിടം 120 ച.മീ ഓടിട്ട കെട്ടിടമാണെന്നും നിലവിൽ ഈ കെട്ടിടം പൊളിച്ചു മാറ്റി പകരം മൂന്നു നിലയുള്ള കെട്ടിടമാണ് നിലനിൽക്കുന്നതെന്നും, ഈ കെട്ടിടം ക്രമവത്ക്കരിക്കണമെന്നും അറിയിച്ചിട്ടുണ്ട്. ആയതുപ്രകാരമാണ് കെട്ടിടം ക്രവമവത്ക്കരിക്കുന്നതിന് അപേക്ഷ നൽകുകയും ക്രമവത്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ട്യൂട്ടോറിയൽ ലൈസൻസ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ Excellent Study Center എന്ന സ്ഥാപനം നടത്തുന്നതിനായി വർഷങ്ങളായി ലൈസൻസ് എടുത്തു വരുന്നുണ്ട്. ആയതിനാൽ കെട്ടിടത്തിന് 2024-25 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി ഈടാക്കി തുടങ്ങിയത് ഏതടിസ്ഥാനത്തിലാണെന്നതിന് വ്യക്തമായ വിശദീകരണം നൽകിയില്ല. അതുപോലെ പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ മുൻവശത്ത്(റോഡും കെട്ടിടവും തമ്മിലുള്ള അകലം) 1.5 മീറ്റർ, 1 മീറ്റർ എന്നിങ്ങനെ മാത്രമാണുള്ളത്. കെട്ടിടത്തിന്റെ മുൻവശത്തുള്ള റോഡിന്റെ വീതി 3 മീറ്ററാണ്. കെപിബിആർ 2019 ചട്ടങ്ങൾ പ്രകാരം Unnotified റോഡും കെട്ടിടവും തമ്മിൽ കുറഞ്ഞ ദൂരം 2 മീറ്റർ ആവശ്യമാണ്. എന്നാൽ കെട്ടിടം ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്. കെട്ടിടം ക്രമവത്ക്കരിച്ച് നൽകിയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/10.08.26) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചട്ടലംഘനം പരിശോധിക്കേണ്ടതും, കെട്ടിടത്തിന്റെ വസ്തുനികുതി കേരളപഞ്ചായത്ത് രാജ്(സെക്ഷൻ 235 AA(1)) ചട്ടപ്രകാരം, കെട്ടിടം അനധികൃതമായി നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിച്ചു തുടങ്ങിയ വർഷം മുതൽ ഈടാക്കേണ്ടതും രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

## 1-14 ക്രമവത്ക്കരണ ഫീസ് ഈടാക്കിയില്ല, വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 5 മീറ്റർ വഴി സൗകര്യമുള്ള കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തിയില്ല

ഡോ. രാമചന്ദ്രൻ & സുജാത, കുണ്ടലിയൂർ എന്നവരുടെ (അപേക്ഷ നം.SC3-6492/24) 6228.97 ച.മീ. വിസ്തൃതി വരുന്ന ആശുപത്രി (Group C-Hospital) ഗണത്തിൽ ഉൾപ്പെടുത്തുന്ന കെട്ടിടത്തിന് കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ നമ്പറുകളും വിസ്തീർണ്ണവും താഴെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തൃതി | ഉപയോഗ ഗണം |
|---|---|---|---|
| 1 | II/251 | 1245.36 | ആശുപത്രി |
| 2 | II/251A | 4575.23 | ആശുപത്രി |
| 3 | II/251B | 97.61 | സ്വകാര്യ ഹോസ്റ്റൽ |
| 4 | II/251C | 97.61 | സ്വകാര്യ ഹോസ്റ്റൽ |
| 5 | II/251D | 106.59 | സ്വകാര്യ ഹോസ്റ്റൽ |
| 6 | II/251E | 106.59 | സ്വകാര്യ ഹോസ്റ്റൽ |

1. ടൗൺ പ്ലാനറുടെ ഉത്തരവ് നം.LSGD/JD/TSR/5241/2024-N3 തി.16.08.2024 പ്രകാരം കെട്ടിടത്തിന്റെ ലേ ഔട്ടിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത അനുമതിയിൽ നിലവിലുള്ള ആശുപത്രി കെട്ടിടത്തിന്റെ ബ്ലോക്ക് 1, ബ്ലോക്ക് 2 എന്നീ കെട്ടിടങ്ങളുടെ വിസ്തൃതി 1245.36 ച.മീറ്ററും, GF+3 Floors+terrace കെട്ടിടത്തിന് (Block 3) 4575.23 ച.മീറ്ററും, സ്പെഷ്യൽ റസിഡൻഷ്യൽ കെട്ടിടത്തിന് (Block 4) 408.38 ച.മീറ്ററുമാണ് വിസ്തൃതി. മേൽപ്പറഞ്ഞ ടേബിൾ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ(II/251) വിസ്തൃതി 1245.36 ച.മീറ്ററാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ(II/251) വിസ്തൃതി 760 ച.മീറ്ററാണ്. നിലവിലുള്ള കെട്ടിടം ഭാഗികമായി പൊളിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ചപ്പോൾ കെട്ടിടത്തിന്റെ വിസ്തൃതി 1245.36 ച.മീറ്ററായി വർദ്ധിച്ചു. അതായത് 485.36 ച.മീറ്റർ വിസ്തൃതി വർദ്ധിച്ചു. ഈ അധികനിർമ്മാണം ക്രമവത്കരിച്ച് നൽകിയിട്ടുണ്ട്. ക്രമവത്ക്കരണ ഫീസ് (485.36x180=87364.8) ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (26/10.08.25) നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. കെട്ടിടത്തിന്റെ (II/251) വിസ്തൃതി വർദ്ധിപ്പിച്ച് വസ്തുനികുതി പുനർ നിർണ്ണയിച്ചപ്പോൾ സഞ്ചയയിൽ മാറ്റം വരുത്തിയ 485.36 ച.മീറ്റർ വിസ്തൃതിയ്ക്ക് ആശുപത്രി കെട്ടിടങ്ങളുടെ പഴയ നിരക്കായ 6 രൂപ/ച.മീ എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ആയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (26/10.08.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

3. മേൽപ്പറഞ്ഞ ആശുപത്രി കെട്ടിടത്തിന് നാഷണൽ ഹൈവേ (NH17)യിലേക്ക് പ്രവേശനമുണ്ട്. എന്നാൽ

കേരളപഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ പ്രകാരം 5 മീറ്റർ വഴി സൗകര്യമുള്ള കെട്ടിടത്തിന് 20% വർദ്ധനവ് വസ്തുനികുതിയിൽ വരുത്തേണ്ടതുണ്ട്. എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് ഈ വർദ്ധനവ് വരുത്തിയില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തൃതി | ഉപയോഗ ഗണം | അടിസ്ഥാന വസ്തുനികുതി | 20% വർദ്ധനവ് |
|---|---|---|---|---|---|
| 1 | II/251A | 4575.23 | ആശുപത്രി | 1,20,099.79 | 24020 |
| 2 | II/251B | 97.61 | സ്വകാര്യ ഹോസ്റ്റൽ | 6661.88 | 1332 |
| 3 | II/251C | 97.61 | സ്വകാര്യ ഹോസ്റ്റൽ | 6661.88 | 1332 |
| 4 | II/251D | 106.59 | സ്വകാര്യ ഹോസ്റ്റൽ | 7274.85 | 1455 |
| 5 | II/251E | 106.59 | സ്വകാര്യ ഹോസ്റ്റൽ | 7274.85 | 1455 |
| | | | | ആകെ | 29594 |

ആയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (26/10.08.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

4. 11.08.2025-ാം തിയ്യതിയിൽ ആശുപത്രി കെട്ടിടത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ 4 നിലയുള്ള കെട്ടിടത്തിന്റെ അഞ്ചാം നിലയിൽ 189.55 ച.മീറ്റർ വിസ്തൃതിയിൽ അധിക നിർമ്മാണം നടത്തി ഉപയോഗിച്ചു വരുന്നുണ്ട്. ടൗൺ പ്ലാനർ അനുമതി നൽകിയ കാർ പാർക്കിങ്ങ് പ്ലാൻ പ്രകാരമുള്ള പാർക്കിങ്ങ് സംവിധാനം പ്ലോട്ടിലില്ല. കാർ പാർക്കിങ്ങ് എരിയയിൽ പൊളിച്ചു നീക്കേണ്ട പഴയ കെട്ടിടങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു.

ആയതിനാൽ മേൽപ്പറഞ്ഞ അപാകതകൾക്ക് ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്, ഒറ്റതവണ നികുതി അടവാക്കൽ- ഒക്യുപ്പൻസി അനുവദിക്കുന്നതിന് മുൻപ് അടവാക്കിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്

1. 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും, 1998-ലെ ചട്ടങ്ങളും പ്രകാരം 10 ലക്ഷം രൂപയിൽ താഴെ നിർമ്മാണച്ചെലവ് വരുന്ന വാസഗൃഹങ്ങൾ ഒഴികെയുള്ള എല്ലാ നിർമ്മാണപ്രവർത്തനങ്ങളുടെയും ആകെ നിർമ്മാണച്ചെലവിന്റെ 1% വരുന്ന തുക ബിൽഡിംഗ് സെസ്സ് ആയി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ ഒടുക്കുന്നതിനും, സെസ്സ് ബാധകമാകുന്ന കെട്ടിടങ്ങൾക്ക് അനുവദിക്കുന്ന ഒക്യുപെൻസി സർട്ടിഫിക്കറ്റിന്റെ പകർപ്പ് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ബന്ധപ്പെട്ട ലേബർ ഓഫീസർക്ക് നല്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.11.2019-ലെ 8/ആർ.ഡി1/2018 നമ്പർ സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് 2024 ഏപ്രിൽ മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിന് അനുമതി നൽകി 14.02.2024-ന് സ.ഉ(കൈ)23/2024/തസ്വഭവ നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും, (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ്സ് പിരിവു പൂർണമായും, ഒറ്റ ഘട്ടമായി, ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് തന്നെ പിരിച്ചെടുക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തുന്നതിനും, സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജായി ഈടാക്കുന്നതിനും ഈ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ഒക്യുപ്പൻസി അനുവദിച്ച ഫയലുകളിൽ സെസ് അടവാക്കിയതിന്റെയോ ഈടാക്കിയതിന്റെയോ രേഖകൾ ലഭ്യമല്ല.

2. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)231/15/തസ്വഭവ തി.9.7.15 പ്രകാരം കെട്ടിടനമ്പർ അനുവദിക്കുമ്പോൾ വില്ലേജിൽ നിന്നുള്ള ഒറ്റതവണ നികുതി അടവാക്കിയ സാക്ഷ്യപത്രം കൂടി വാങ്ങി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് ,വില്ലേജിൽ നിന്നുള്ള ഒറ്റതവണ നികുതി അടവാക്കിയ സാക്ഷ്യപത്രം എന്നിവയില്ലാതെ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു.

| ക്രമ | കെട്ടിട നമ്പർ | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| നമ്പർ | | | (ച.മീ.) |
| 1 | II/251,251A,B,C,D,E | ആശുപത്രി | 6228.9 |
| 2 | V/210,210A | താമസം, ട്യൂഷൻ | 925.17 |
| 3 | I/601A | ഓഡിറ്റോറിയം | 403.91 |
| 4 | IV/440A To 440H | വാണിജ്യം | 633.24 |
| 5 | I/395 A,B,C | വാണിജ്യം | 137.57 |

ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുമ്പ് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്, ഒറ്റതവണ നികുതി എന്നിവ അടവാക്കിയിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. 2024-25 സാമ്പത്തിക വർഷത്തിൽ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള എല്ലാ അപേക്ഷകളിലും മേൽപ്പറഞ്ഞ സാക്ഷ്യപത്രങ്ങൾ ഉണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്

## 1-16 വാഹനങ്ങളുടെ ഉപയോഗം- പോരായ്മകൾ

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-46-R-7954 ആപേ ഓട്ടോറിക്ഷ, KL-75-B-9417 മഹീന്ദ്ര ബൊലേറ എന്നീ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് കൃത്യമായി ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2) ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ അത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നില്ല.

3) 2/8/08 തിയ്യതിയിലെ 41/2008/ഫിൻ നമ്പർ സർക്കുലറിൽ നിർദേശിക്കും പ്രകാരമുള്ള വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

4) KL-46-R-7954 ആപേ ഓട്ടോറിക്ഷയുടെ ഇന്ധനക്ഷമതാ പരിശോധന നടത്തിയിട്ടില്ല.

പഞ്ചായത്തിന്റെ വാഹനങ്ങളുടെ പരിപാലനത്തിൽ 30.06.2007 തിയ്യതിയിലെ നമ്പർ 170/07/ത.സ്വ.ഭ.വ സർക്കുലർ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം. 17/08.08.2025).

## 1-17 പഠനമുറി നിർമാണം പൂർത്തീകരിച്ചില്ല

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 143/25 (സ്പിൽ ഓവർ) | 79/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | 11,00,000 വികസന ഫണ്ട് (എസ്.സി.പി) | 2,20,000 വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് തുക | 6,80,000 | 2,20,000 |
| വൗച്ചർ നം/ തീയതി | 42401562/14.08.2024 -80,000<br>42401794/16.12.2024-80,000<br>42401754/15.01.2025- 30,000<br>42401585/07.02.2025-30,000<br>42401732/11.02.2025-30,000<br>42401729/17.02.2025-30,000<br>42401719/24.02.2025-30,000<br>42401718/24.02.2025-60,000<br>42401588/13.03.2025-1,40,000<br>42401754/15.03.2025-60,000<br>42401641/23.03.2025-1,10,000 | 42401880/12.07.2024-2,20,000 |

പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി 2,00,000 രൂപാ വീതം അനുവദിക്കുന്ന പ്രൊജക്ടാണിത്. ഇതിനായി 30,000 രൂപാ മുൻകൂർ അനുവദിക്കുകയും പിന്നീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതിനനുസരിച്ച് ബാക്കി തുക ഗഡുക്കളായി

നൽകുകയുമാണ് ചെയ്യുന്നത്. എന്നാൽ പല ഗഡുക്കളായി തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെയായി പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/തീയതി |
|---|---|---|
| 1 | അതുൽകൃഷ്ണ, S/O സുനിൽകുമാർ ഒളാട്ട് | 60000- 12.07.2024<br>80,000-16.12.2024 |
| 2 | അവന്തിക ടി. ഡി., D/O ബിന്ദു സി. ജി. | 80,000-14.08.2024 |
| 3 | സാധികാ സുരേഷ്, D/O ബീന സുരേഷ്, ഞായക്കാട്ട് | 30,000-17.02.2025 |
| 4 | ദേവീനന്ദന, D/O തങ്ക ശങ്കുരു, വെങ്കിടി വീട് | 30,000-24.02.2025<br>60,000- 15.03.2025 |
| 5 | അനാമിക കെ. എം., D/O ബീന മോഹനൻ, കിഴക്കര വീട് | 30,000-23.03.2025 |

ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/08.08.2025) മറുപടിയായി അവന്തിക ടി. ഡി. എന്ന ഗുണഭോക്താവിന്റെ പഠനമുറിയുടെ നിർമ്മാണം ഇതോടകം പൂർത്തിയാക്കി അവസാനഗഡു നൽകിയെന്നും ശേഷിക്കുന്നവരുടെ പഠനമുറിനിർമ്മാണം വേഗം പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ ഗുണഭോക്താക്കളുടെയും പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 വയോജനങ്ങൾക്ക് കട്ടിൽ (എസ് സി)- വിതരണരേഖകൾ ഹാജരാക്കിയില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 141/25 (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | 3,75,190 (3,72,495-വികസന ഫണ്ട് (എസ്.സി.പി), 2,695 (തനതുഫണ്ട്)) |
| ചെലവ് തുക | 362508 (വികസന ഫണ്ട് (എസ്.സി.പി) |
| വൗച്ചർ നം/തീയതി | 42401550/31-07-2024 -2,96,210<br>42401633/25.03.2025- 66,298 |

വയോജനങ്ങൾക്ക് കട്ടിൽ (എസ് സി)- പ്രോജക്ടു പ്രകാരം 92 കട്ടിലുകൾ വിതരണം ചെയ്തതിന് 3,62,508 രൂപ സിഡ്കോ മാർക്കറ്റിംഗ് സെന്റർ, ഒല്ലൂർ എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ കട്ടിൽ വിതരണം ചെയ്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ (അപേക്ഷയും അനുബന്ധരേഖകളും) പരിശോധനക്കായി ലഭ്യമാക്കിയില്ല. ആയത് പരിശോധനക്കായി ലഭ്യമാക്കുന്നതുവരെ ചെലവു തുക 3,62,508 രൂപ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് അന്വേഷണം 31/11.08.2025).

## 1-19 അലോപ്പതി മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യ കേന്ദ്രം) നടപ്പിലാക്കിയ ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ എന്ന പ്രൊജക്റ്റിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക കൈമാറിയതിൽ മരുന്നുകൾ ലഭ്യമാവാത്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ നമ്പറും പേരും | പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തീയതി | തുക (ഫണ്ടിനം) | വൗച്ചർ നമ്പർ/ തീയതി | ലഭ്യമായ മരുന്നുകളുടെ മൂല്യം (ടാക്സ് ഇൻവോയ്സ് നമ്പർ/തീയതി, തുക) | ലഭിക്കാൻ അവശേ ഷിക്കുന്ന മരുന്നുകളുടെ മൂല്യം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ (43/25) | PRF 237/4.6.24 | ₹204982 (മെയിന്റൻസ് ഗ്രാന്റ് - നോൺ റോഡ്) | 42401532/5.6.24 | 17035 (52479/11.11.24)<br>35616 (56281/6.1.25)<br>5936 (57917/25.1.25)<br>2184 (55183/9.12.24)<br>2184 (60170/3.3.25)<br>4594 (4099/6.6.25)<br>6216 (477/9.4.25)<br>248 (395/9.4.25) | 130969 |
| | | | 204982 | | 74013 | 130969 |

ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/08.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 കരാർ കാലാവധി ദീർഘിപ്പിക്കുന്നത് അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി നമ്പർ- 156/24

എഫ്.എച്ച്.സി യിൽ ബയോമെഡിക്കൽ വേസ്റ്റ് സംഭരിക്കുന്നതിനുള്ള സംവിധാനമൊരുക്കലും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും എന്ന പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനായ ശ്രീ. ആഷിക്ക് കെ. എം, കൈതവളപ്പിൽ ഹൗസ്, അഴീക്കോട് എന്നയാൾ പ്രവൃത്തി നടത്തുന്നതിനായി 22.11.2022-ന് (കരാർ നം.02/ AE/LID&EW/EGYR/2022-23 Dated 22.11.2022) കരാറിലേർപ്പെട്ട് സൈറ്റ് ഏറ്റെടുക്കുകയും പ്രവൃത്തി 07.03.2025-ന് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പൂർത്തീകരണ കാലാവധിയായ 22.07.23-ന് ശേഷം 22.10.2023 വരെയും തുടർന്ന് 22.01.2024 വരെയും പിഴ കൂടാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയതായും കണ്ടു. തുടർന്ന് 3 മാസം വീതം പല ഘട്ടങ്ങളായി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 22.04.24 വരെ (മൂന്നാം ഘട്ടം), 22.07.2024 വരെ (നാലാം ഘട്ടം), 22.10.24 വരെ (അഞ്ചാം ഘട്ടം), 22.01.2025 വരെ(ആറാം ഘട്ടം), 22.04.2025 വരെ (ഏഴാം ഘട്ടം) എന്നിങ്ങനെ നൽകിയിട്ടുണ്ട്.

കേരള PWD Manual സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ വീഴ്ച മൂലം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 25% കാലയളവ് 1% പിഴയോട് കൂടിയും തുടർന്നുള്ള 25% കാലയളവ് 2% പിഴയോട് കൂടിയും ദീർഘിപ്പിച്ച് നൽകാവുന്നതും, സെക്ഷൻ 2112.2 പ്രകാരം കരാറുകാരന്റേതല്ലാത്ത വീഴ്ച മൂലമുള്ള സംഗതികളിൽ പിഴ കൂടാതെയും കരാർ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ യഥാർത്ഥ കരാർ കാലാവധിയുടെ 50% അധികരിച്ച് കരാർ കാലാവധി നീട്ടി നൽകാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചതിന്റെയും ഭരണ സമിതി കാലാവധി ദീർഘിപ്പിച്ച് നൽകിയതിന്റെ തീരുമാന വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 8 മാസമായതിനാൽ കരാറുകാരന് പരമാവധി നീട്ടി നൽകാവുന്ന കാലയളവ് 50% ആയ നാലു മാസമാണ്. ഇതു പ്രകാരം കരാറിലേർപ്പെട്ട 22.11.2022 മുതൽ 22.7.2023 വരെ പൂർത്തീകരണ കാലയളവും, രണ്ട് ഘട്ടങ്ങളിലായി കരാർ ദീർഘിപ്പിച്ച് നൽകാൻ കഴിയുന്ന പരമാവധി കാലയളവ് 22.11.2023 വരെ മാത്രവുമാണ് (കാലയളവിന്റെ 50% പൂർത്തീകരണ തീയ്യതി മുതൽ 4 മാസം). എന്നാൽ നിയമാനുസൃതം നീട്ടി നൽകാവുന്ന പരമാവധി കാലയളവ് പരിഗണിക്കാതെ 22.01.2024 വരെയും തുടർന്ന് പല ഘട്ടങ്ങളിലായി 22.04.25 വരെ കാലാവധി ദീർഘിപ്പിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ ഭരണസമിതി തീരുമാനമെടുത്തതായി കാണുന്നില്ല. നിയമാനുസൃതം നീട്ടി നൽകാവുന്ന കാലയളവ് അധികരിച്ച് എക്സ്റ്റൻഷൻ അനുവദിക്കുന്നത് ഒഴിവാക്കേണ്ടതും, കരാർ കാലാവധി നീട്ടി നൽകേണ്ട സംഗതികളിൽ കരാറുകാരന്റെ അപേക്ഷയിൽ പരിശോധന നടത്തി 2100F മാതൃകയിലുള്ള ഫോറത്തിൽ കാലാവധി നീട്ടി

നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഭരണസമിതിക്ക് ശുപാർശ ചെയ്യേണ്ടതുമാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.3/04.08.2025)

## 1-21 മണ്ണ് സ്റ്റാക്ക് ചെയ്തത്-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്ട് നം.192/24-25

പനയംകുളങ്ങര ടെംപിൾ റോഡ് പുനരുദ്ധാരണം

മെയിന്റനൻസ് ഫണ്ട് (റോഡ്)

വൗച്ചർ നം - 42401610/23-03-2025

ചെലവു തുക – 2,28,596 രൂപ

മേൽപ്പറഞ്ഞ റോഡ് പ്രവൃത്തിക്കായി ഐറ്റം നം.3.5.1ആയി മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. (86.738 എം$^3$). ഇ – എം ബുക്ക് (നം.61869/2024_5_1_1) പരിശോധിച്ചപ്പോൾ നോട്ടിൽ മേൽപ്പറഞ്ഞ പ്രകാരം കുഴിച്ചെടുത്ത മണ്ണ് പി.എച്ച് സബ്ബ് സെന്ററിനടുത്ത് സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. മണ്ണിന്റെ ഇനം തിരിച്ച് (റെഡ് എർത്ത്/ അദർഎർത്ത്) എൽ.എം.ആർ കമ്മിറ്റിയുടെ നിരക്കനുസരിച്ച് അസിസ്റ്റന്റ് എൻജിനിയർ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ അംഗീകാരത്തോടു കൂടി തയ്യാറാക്കി സെക്രട്ടറിക്കു കൈമാറി ലേലം നടത്തേണ്ടതാണ്. അനന്തര നടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/5.08.2025)

## 1-22 SC വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം - ഒരു ലാപ് ടോപ്പ് വിതരണം ചെയ്തിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്.,ചേറ്റുവ.

പ്രോജക്ട് നമ്പറും പേരും - 176/25- എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

ഫണ്ട് ഇനം - വികസന ഫണ്ട് (SCP)

അടങ്കൽ - 7,04,000
ചെലവഴിച്ച തുക – 6,79,971

വൌച്ചർ നം. 42401691.തീയതി.18.03.2025- Rs.3,99,983

വൌച്ചർ നം. 42401608.തീയതി. 21.03.2025- Rs.2,79,988

മേൽ പ്രോജക്ടിൽ 17 വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം ചെയ്യുന്നതിന് വേണ്ടി ഹിന്ദ് ഡിജിററൽ സൊലൂഷൻ എന്ന സ്ഥാപനത്തിന് തുക നല്കുകയും ആയത് വാങ്ങി സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 16 എണ്ണം മാത്രം ആണ് വിതരണം ചെയ്തിട്ടുള്ളത്. മുഴുവൻ ലാപ്ടോപ്പുകളും വിതരണം ചെയ്യാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 30/11.08.2025)

## 1-23 ചായം പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | ചായം പദ്ധതി (പ്രൊ.നം. 289/25) |
| അടങ്കൽ തുക | 2,12,000 (ബ്ലോക്ക് വിഹിതം -2,02,000 തനത് ഫണ്ട് - 10,000) |
| ചെലവഴിച്ച തുക | 2,09,999 (ബ്ലോക്ക് വിഹിതം - 2,02,000 , തനത് ഫണ്ട് -7,999) |
| വൗച്ചർ നമ്പർ/ തീയതി, തുക | 42401607/21-03-2025, 2,02,000<br>42401397/24-03-2025, 7.999 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ വാർഡ് 2 ലെ 7-ാം നമ്പർ അങ്കണവാടി, വാർഡ് 11 ലെ 16-ാം നമ്പർ അങ്കണവാടി എന്നിവയിലേക്ക് കളിയുപകരണങ്ങൾ വാങ്ങുന്നതിനും തീമാറ്റിക് പെയിന്റിംഗ്, ആർട്ട് വർക്കുകൾ എന്നിവ നടത്തി അങ്കണവാടി ചുമരുകൾ ഭംഗിയാക്കുന്നതിനുമായി ആവിഷ്ക്കരിച്ച് നടപ്പാക്കിയതാണ് ചായം (CHAYAM – Child Friendly Anganwadies Yielded Through Adornment & Make Over) പദ്ധതി. ARTCO

Palakkad, SIDCO Thrissur, ARTCO Alappuzha എന്നീ സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ സ്വീകരിക്കുകയും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 06-02-2025 ലെ മൂന്നാം നമ്പർ തീരുമാന പ്രകാരം, ക്വട്ടേഷനിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (₹2,10,000) ARTCO Alappuzha എന്ന സ്ഥാപനത്തെക്കൊണ്ട് പ്രവൃത്തി ചെയ്യിക്കുകയും ചെയ്തു.

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. പബ്ലിക് പ്രൊക്യൂർമെന്റ് അഡ്വൈസറി വകുപ്പിന്റെ 11.03.2025-ലെ സ.ഉ.(ആർ.ടി)നം.4/2025/PPAD ഉത്തരവിൽ നിർദ്ദേശിച്ച സ്പെസിഫിക്കേഷനിലും, നിരക്കിലും ഉള്ള ഇനങ്ങൾ ടെണ്ടർ നടപടി കൂടാതെ ARTCO-യിൽ നിന്നും വാങ്ങുന്നതിന് (സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖണ്ഡിക 9.23 ലെ ഇളവുകൾ പ്രകാരം ടെണ്ടർ ഒഴിവാക്കി വാങ്ങുന്നതിന്) സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ARTCO-യുടെ പ്രോഫോർമ ഇൻവോയ്സിൽ ഉൾപ്പെട്ട കളിയുപകരണങ്ങളും, ഇവയുടെ നിരക്കും, സ്പെസിഫിക്കേഷനും ഈ ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഇപ്രകാരം പെയിന്റിംഗ് പ്രവൃത്തികളും അങ്കണവാടികളിലേക്കാവശ്യമായ കളിയുപകരണങ്ങളും ടെണ്ടർ കൂടാതെ നേരിട്ട് ARTCO-യെ ഏൽപ്പിച്ചത് നിയമാനുസൃതമല്ല.

GeM (Government E-Market Place) പ്രാബല്യത്തിൽ വന്നതിനുശേഷം റേറ്റ് കോൺട്രാക്റ്റ് കരാറുകൾക്ക് പ്രാബല്യമില്ലാത്തതും 06.04.2019-ന് നിലവിൽ വന്ന സ.ഉ.(പി)7/2019 എസ്.പി.ഡി. ഉത്തരവ് പ്രകാരം 25,000 രൂപയിൽ അധികരിക്കുന്ന വാങ്ങലുകൾ GeM (Government E-Market Place)മുഖേന ആയിരിക്കണമെന്നും, ആവശ്യമായ സ്പെസിഫിക്കേഷൻ GeM-ൽ ഇല്ലെങ്കിൽ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള മറ്റ് പ്രൊക്യൂർമെന്റ് മാർഗ്ഗങ്ങളായ ടെണ്ടർ/ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശമുള്ളതാണ്. എന്നാൽ അങ്കണവാടികൾക്കാവശ്യമായ കളിയുപകരണങ്ങൾ GeM മുഖേന വാങ്ങുന്നതിനാവശ്യമായ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥ സ്വീകരിച്ചില്ല.

2. ARTCO-യുമായി നിർവ്വഹണ ഉദ്യോഗസ്ഥ കരാറിൽ ഏർപ്പെട്ടിട്ടില്ല.

3. ഓരോ അങ്കണവാടിയിലും നടത്തിയ പെയിന്റിംഗ് പ്രവൃത്തിയുടെ അളവ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആർട്കോ നിർവ്വഹിച്ച പ്രവൃത്തിയുടെ അളവുകൾ പരിശോധിച്ച് എഞ്ചിനീയറിംഗ് വിഭാഗം മൂല്യ നിർണ്ണയം നടത്താതെ തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

ശിശുവികസന വകുപ്പ് മുഖേന നടത്തുന്ന 'ഛായം' പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ 26.07.2021 ലെ നമ്പർ ICDS-A9/5906/2021 സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതു പ്രകാരം അങ്കണവാടികളിലെ സിവിൽ പ്രവൃത്തികൾ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർവ്വഹിക്കുന്നതിനും, സാധന സാമഗ്രികളുടെ വാങ്ങലുകൾ സ്റ്റോർ പർച്ചേയ്സ് മാന്വലിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ/ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് അക്രഡിറ്റഡ് ഏജൻസികളിൽ നിന്നോ/ നേരിട്ടോ വാങ്ങാവുന്നതുമാണ് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ആയതിനാൽ മേൽ സൂചിപ്പിച്ച അപാകങ്ങളിൽ തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതും അങ്കണവാടികളിൽ ARTCO വിതരണം ചെയ്ത കളിയുപകരണങ്ങൾ സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - വാങ്ങലുകളിലെ അപാകങ്ങൾ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ മുഖേന നടത്തിയ വാങ്ങലുകളിൽ 26.04.2019-ന് നിലവിൽ വന്ന സ.ഉ.(പി) 7/2019 എസ്.പി.ഡി., 08.11.2010-ലെ സ.ഉ.(പി)നം.259/2010 ത.സ്വ.ഭ.വ. എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. പ്രൊജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (പ്രൊ.നം.09/25)

| | |
|---|---|
| വകയിരുത്തിയ തുക | 4,45,500 (വികസന ഫണ്ട്- ജനറൽ) |
| ചെലവഴിച്ച തുക | 4,45,500 |
| വൗച്ചർ നമ്പർ/തീയതി | 42401681/17-03-2025, 357,540<br>42401604/21-03-2025, 87,960 |

പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പ്രകാരം 28-12-2024 ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശ പ്രകാരം കുറഞ്ഞ നിരക്കും ഗുണമേന്മ ഉള്ളതുമായ ആർട്ട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങാൻ തീരുമാനിക്കുകയും മേൽ പ്രോജക്ട് പ്രകാരം ആർട്ട്കോ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 126 കട്ടിലുകൾ കട്ടിലൊന്നിന് 3,540 രൂപയ്ക്ക് വാങ്ങുകയും

ചെയ്തിട്ടുണ്ട്.

സ്റ്റീൽ, മര ഫർണീച്ചറുകൾ സർക്കാർ അംഗീകരിച്ച സ്പെസിഫിക്കേഷനിൽ നിശ്ചിത നിരക്കിൽ നിശ്ചിത കാലയളവിലേക്ക് വിതരണം ചെയ്യുന്ന റേറ്റ് കോൺട്രാക്റ്റ് സ്ഥാപനമാണ് ആർട്കോ. GeM (Government E-Market Place) പ്രാബല്യത്തിൽ വന്നതിനുശേഷം റേറ്റ് കോൺട്രാക്റ്റ് കരാറുകൾക്ക് പ്രാബല്യമില്ലാത്തതും 26.04.2019-ന് നിലവിൽ വന്ന സ.ഉ.(പി) 7/2019 എസ്.പി.ഡി. ഉത്തരവ് പ്രകാരം 25,000 രൂപയിൽ അധികരിക്കുന്ന വാങ്ങലുകൾ GeM (Government E-Market Place)മുഖേന ആയിരിക്കണമെന്നും, ആവശ്യമായ സ്പെസിഫിക്കേഷൻ GeM-ൽ ഇല്ലെങ്കിൽ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള മറ്റ് പ്രൊക്യുർമെന്റ് മാർഗ്ഗങ്ങളായ ടെണ്ടർ/ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. 08.11.2010-ലെ സ.ഉ.(പി)നം.259/2010 ത.സ്വ.ഭ.വ. ഉത്തരവ് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ഖണ്ഡിക 3.2 പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടി സ്വീകരിക്കണം. എന്നാൽ വാങ്ങലിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ചോ GeM മുഖേന വാങ്ങലുകൾ നടത്താത്തത് സംബന്ധിച്ചോ മറ്റ് സ്ഥാപനങ്ങളുടെ നിരക്കുകളുമായി താരതമ്യം ചെയ്ത രേഖകളോ ഫയലിൽ ഇല്ല. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 പ്രകാരമുള്ള ഇളവുകൾ അനുസരിച്ച് ടെണ്ടർ നടപടികൾ ഒഴിവാക്കി ആർട്കോയിൽ നിന്നും വയോജനങ്ങൾക്കുള്ള കട്ടിൽ വാങ്ങുന്നതിന് നിരക്കും സ്പെസിഫിക്കേഷനും സർക്കാർ അംഗീകരിച്ച് ഉത്തരവായതിന്റെ പകർപ്പും ഹാജരാക്കിയിട്ടില്ല.

2. അംഗൻവാടികളിൽ എ.സി.സ്ഥാപിക്കൽ (പ്രൊ.നം. 200/25)

| | |
|---|---|
| വകയിരുത്തിയ തുക | 80,000 (₹40,000 വികസന ഫണ്ട്- ജനറൽ<br>₹40,000- ബ്ലോക്ക് വിഹിതം) |
| ചെലവഴിച്ച തുക | 78,000 (₹38,000 വികസന ഫണ്ട്- ജനറൽ<br>₹40,000- ബ്ലോക്ക് വിഹിതം) |
| വൗച്ചർനം./തീയതി | 42401605/21-03-2025, ₹38,000<br>42401606/ 21-03-2025, ₹40,000 |

ഗ്രാമപഞ്ചായത്തിലെ 16, 113 നമ്പർ അങ്കണവാടികളിൽ എയർ കണ്ടീഷനർ സ്ഥാപിക്കുന്നതിനാണ് പദ്ധതി. മൂന്നു സ്ഥാപനങ്ങളിൽ നിന്നുള്ള ക്വട്ടേഷനുകൾ താരതമ്യം ചെയ്ത് എൻ.പി.എം. എന്റർപ്രൈസസ്, മൂന്നുപീടിക എന്ന സ്ഥാപനത്തിൽ നിന്നും ഐ.എഫ്.ബി. കമ്പനിയുടെ 1.5 ടൺ ശേഷിയുള്ള രണ്ട് എയർ കണ്ടീഷനറുകൾ വാങ്ങിയതായി കാണുന്നു. മേൽ പ്രൊജക്ടിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

എ) പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ 06-02-2025 ലെ VI-ാം നമ്പർ തീരുമാന പ്രകാരം എയർ കണ്ടീഷനറുകൾ GeM മുഖേന വാങ്ങുന്നതിനായാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും പ്രൊക്യുർമെന്റ് കമ്മിറ്റി തീരുമാനത്തിനും വിരുദ്ധമായി ക്വട്ടേഷൻ മുഖേന വാങ്ങൽ നടത്തി.

ബി) വാങ്ങിയ എയർ കണ്ടീഷനറുകളുടെ വാറണ്ടി വിവരങ്ങൾ, ഏ.സി.കളുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, വിൽപ്പനാനന്തര സർവ്വീസ് നൽകിയതിന്റെ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട്, അങ്കണവാടികളിലേക്ക് വാങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. ആരോഗ്യ ഗ്രാമം- സി.എഫ്.സി.-സ്കീം 2 (പ്രൊജക്ട് നം. 82/25)

| | |
|---|---|
| വകയിരുത്തിയ തുക | 4,53,700 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 1,41,750 |
| വൗച്ചർ നമ്പർ/തീയതി | 42401410/26-03-2025, 1,41,750 |

ഗ്രാമപഞ്ചായത്തിലെ ഗർഭിണികൾക്ക് പോഷകാഹാര കിറ്റ് നൽകുന്നതിനായാണ് പ്രൊജക്ട് രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. മേൽ പ്രൊജക്ട് പ്രകാരം ബദാം, കശുവണ്ടിപ്പരിപ്പ്, ഈന്തപ്പഴം, ചിയ സീഡ്, ഫ്ലാക്സ് സീഡ്, സൺഫ്ലവർ സീഡ്, ബ്ലാക്ക് റെസിൻ, ഏപ്രിക്കോട്ട്, കിവി, മാമ്പഴം, ആപ്പിൾ, ഓറഞ്ച്, പേരയ്ക്ക എന്നീ പഴങ്ങൾ അടങ്ങിയ കിറ്റ് 100 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ സ്വീകരിച്ചിട്ടുണ്ട്.

1. ഫുസോ ഫുഡ് മാൾ, നാട്ടിക – ₹1,300/പാക്കറ്റ്

2. സ്കൈമാർസ്, ചങ്ങരംകുളം - ₹1,200/പാക്കറ്റ്

3. കോർ എലമെന്റ്സ്, തിരൂർ - ₹1,050/പാക്കറ്റ്

ഇതിൽ കുറവ് തുക രേഖപ്പെടുത്തിയ കോർ, എലമെന്റ്സ്, തിരൂർ എന്ന സ്ഥാപനത്തിൽ നിന്നും ₹1,05,000 ന് 100 പാക്കറ്റുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. വാങ്ങലിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ടെണ്ടർ നോട്ടീസ് ഫയലിൽ ഇല്ല.

2. സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷനുകളിൽ, പാക്കറ്റിൽ ഉൾക്കൊള്ളിക്കേണ്ട ഇനങ്ങളുടെ തൂക്കം ഉൾക്കൊള്ളിച്ചിട്ടില്ല. പോഷകാഹാര കിറ്റിൽ ഉൾപ്പെട്ട സാധനങ്ങൾ വിവിധ വിലനിലവാരത്തിലുള്ളതാണ്. ഓരോ ഇനവും ഉണ്ടായിരിക്കേണ്ട തൂക്കം പരാമർശിക്കാതെ സമർപ്പിച്ച ക്വട്ടേഷനുകളുടെ താരതമ്യം എപ്രകാരം നടത്തിയെന്ന് വ്യക്തമല്ല.

3. പ്രൊക്യുർമെന്റ് കമ്മിറ്റി മിനുട്സിൽ മേൽ വാങ്ങൽ ഉൾപ്പെട്ടിട്ടില്ല.

4. വിതരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

5. പ്രൊജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല.

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. വാങ്ങലുകളിൽ പ്രൊക്യുർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം 21/08-08-2025)

## 1-25 വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും കേൾവിസഹായ ഉപകരണങ്ങൾ വാങ്ങൽ - തുക കൈമാറിയിട്ടും കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

വയോജനങ്ങൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മെഡിക്കൽ ഓഫീസറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേൾവിസഹായ ഉപകരണങ്ങൾ വാങ്ങുന്നതിന് വിവിധ പ്രൊജക്ടുകൾ മുഖേന കെൽട്രോണിന് തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ നമ്പറും പേരും | കെൽട്രോണിന് കൈമാറിയ തുക | ഫണ്ടിനം | വൗച്ചർ നമ്പർ/ തീയതി | പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തീയതി | ലഭ്യമാക്കേണ്ട ഉപകരണങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 10/25- ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ | 64,000 | പൊതുവിഭാഗം വികസന ഫണ്ട് | 42401648/22-03-2025 | PR/74/24-25 /19-03-2025 | 8 |
| 11/25- വയോജനങ്ങൾക്ക് ഉപകരണം - ജനറൽ | 80,000 | പൊതുവിഭാഗം വികസന ഫണ്ട് | 42401644 /22-03-2025 | PR/76/24-25 /19-03-2025 | 10 |
| 15/25- വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ എസ്.സി. | 32,000 | വികസന ഫണ്ട്- എസ്.സി.പി. | 42401609 / 22-03-2025 | PR/76/24-25 /19-03-2025 | 4 |
| ആകെ | 1,76,000 | | | | |

മുൻകൂർ തുക കൈമാറിയിട്ടും നാളിതു വരെ കെൽട്രോണിൽ നിന്നും ഉപകരണം ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഉപകരണങ്ങളുടെ വിതരണം പൂർത്തിയാക്കി മറുപടി ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 22/08-08-2025)

## 1-26 ഭവനനിർമ്മാണം നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

1) വി.ഇ.ഒ (കുണ്ടലിയൂർ സർക്കിൾ) നിർവ്വഹണ ഉദ്യോഗസ്ഥനായ ലൈഫ് ഭവന പ്രൊജക്റ്റിൽ (ജനറൽ) താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി വിവിധ ഗഡുക്കൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (7/7.8.2025)-ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട് . വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | അനുവദിച്ച തുക/ തീയതി | മറുപടിയിൽ ലഭ്യമാക്കിയ |
|---|---|---|---|

| | | | |
|---|---|---|---|
| | | | വിവരങ്ങൾ |
| 1 | തങ്ക കൃഷ്ണൻ വട്ടേക്കാട്ടിൽ | 40,000/8.7.2024 (ആദ്യ ഗഡു) | ഗുണഭോക്താവിന് നോട്ടീസ് നല്കിയശേഷം റവന്യു റിക്കവറി നടപടിയ്ക്ക് ശിപാർശ ചെയ്യുന്നതാണ്. |
| 2 | ഷീജ മുഹമ്മദാലി പുതിയവീട്ടിൽ | 40,000/14.3.2025 | രണ്ട് മാസത്തിനുള്ളിള്ളിൽ പണിത് വരാം എന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്. |
| 3 | വേദവല്ലി ഊണുങ്ങൽ | 40,000/14.3.2025 | രണ്ട് മാസത്തിനുള്ളിള്ളിൽ പണിത് വരാം എന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്. |
| 4 | കദീജ എരംച്ചൽ വീട്ടിൽ | 40,000/14.3.2025 (ആദ്യ ഗഡു) | രണ്ട് മാസത്തിനുള്ളിള്ളിൽ പണിത് വരാം എന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്. |
| 5 | സിന്ധു പറയരിക്കൽ | 40,000/24.3.24 (ആദ്യ ഗഡു) | പല തവണ ആവശ്യപ്പെട്ടിട്ടും പണിതിട്ടില്ല. ഗുണഭോക്താവിന് നോട്ടീസ് നല്കിയശേഷം റവന്യു റിക്കവറി നടപടിയ്ക്ക് ശിപാർശ ചെയ്യുന്നതാണ്. |
| 6 | അമിത സോമസുന്ദരൻ | 40,000/24.3.24 1,60,000/29.4.2023 | പല തവണ ആവശ്യപ്പെട്ടിട്ടും പണിതിട്ടില്ല. ഗുണഭോക്താവിന് നോട്ടീസ് നല്കിയശേഷം റവന്യു റിക്കവറി നടപടിയ്ക്ക് ശിപാർശ ചെയ്യുന്നതാണ്. |
| 7 | ഷൈനി രതീഷ് | 40,000/17.10.21 (ആദ്യ ഗഡു) | ഗുണഭോക്താവിന് നോട്ടീസ് നല്കിയിട്ടുണ്ട്. റവന്യു റിക്കവറി നടപടിയ്ക്ക് ശിപാർശ |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതാണ്. |
| 8 | സൈനബ മുഹമ്മദ് വലിയതൊടി | 40,000/15.3.2023 1,60,000/26.8.2023 | ഗുണഭോക്താവിന് നോട്ടീസ് നല്കിയശേഷം റവന്യു റിക്കവറി നടപടിയ്ക്ക് ശിപാർശ ചെയ്യുന്നതാണ്. |
| 9 | ആമിന അബ്ദുള്ളക്കുട്ടി രായംമരക്കാർ | 40,000/17.3.23 (ആദ്യ ഗഡു) | ഗുണഭോക്താവ് മരണപ്പെട്ടതിനാൽ പേരകുട്ടിയ്ക്ക് 18 വയസ്സായാൽ കരാറിൽ ഏർപ്പെടാമെന്ന് എഴുതിതന്നതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനം ലഭിച്ചിട്ടുണ്ട്. |

തുടർ നടപടികൾ സ്വീകരിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) വി.ഇ.ഒ (ഏങ്ങണ്ടിയൂർ സർക്കിൾ) നിർവ്വഹണ ഉദ്യോഗസ്ഥനായ ലൈഫ് ഭവന പ്രൊജക്റ്റിൽ (എസ്.സി) താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ആദയ ഗഡു അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (8/7.8.2025)-ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട് . വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | അനുവദിച്ച തുക/തീയതി | മറുപടിയിൽ ലഭ്യമാക്കിയ വിവരം |
|---|---|---|---|
| 1 | നീലികുട്ടി, കുണ്ടു ഹൗസ് | 40,000/16.3.2023 (ആദ്യ ഗഡു) | തറ പൂർത്തിയാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് അടുത്ത ഗഡു അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| 2 | പ്രതികുമാർ, കല്ലയിൽ | 40,000/6.12.2023 (ആദ്യ ഗഡു) | |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് കേരള ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) പ്രൊഫോമ ഇൻവോയ്സ് (നമ്പർ PF-466/24.10.2024)) മുഖേന മുൻകൂർ തുക കൈമാറിയെങ്കിലും മുഴുവൻ മരുന്നുകളും നാളിതു വരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | ഹോമിയോ മരുന്നും മരുന്ന് വിതരണ സാമഗ്രഹികളും വാങ്ങൽ (63/25) |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ചെലവഴിച്ച തുക | 3,00,000 |
| വൗച്ചർ നമ്പർ/തീയതി | 42401775/24.12.2024 |
| ലഭിച്ച മരുന്നുകളുടെ മൂല്യവും ടാക്സ് | 1.LF-2889/24-25/11.3.2025 – 1,13,338<br>2.LF-299/25-26/16.10.2024 – 1,20,132 |

| | |
|---|---|
| ഇൻവോയ്സ് നമ്പരും | 3.LF-890/25-26/24.7.2025-6633 |
| ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ മൂല്യം | 59,897 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/7.8.2025) ലഭ്യമാക്കിയ മറുപടിയിൽ 59,897 രൂപയുടെ മരുന്ന് ഉടൻ തന്നെ ലഭ്യമാക്കുമെന്ന് ഹോംകോ അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കിയ വിവരം അറിയിക്കേണ്ടതാണ്.

## 1-28 നിർവഹണ ഏജൻസികൾക്ക് മുൻകൂർ- പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രൊജക്ടുകളിൽ വിവിധ പ്രവൃത്തികളുടെ നടത്തിപ്പിനായി നിർവ്വഹണ ഏജൻസികൾക്ക് തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് വിവരങ്ങൾ | വൗച്ചർ നമ്പർ, തുക | മുൻകൂർ നൽകിയ തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് തെരുവ് വിളക്ക് മീറ്ററിംഗ് 180/25 | 42401412/ 26.03.2025- ₹4,169<br>42401637/ 25.03.2025- ₹83,387 | 87,556 | അസി. എഞ്ചിനീയർ കെ.എസ്.ഇ.ബി., വാടാനപ്പിള്ളി |
| 2 | പി.വൈ.സി. കിണർ-മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ -191/25 | 42401369/ 21-03-2025- ₹10,31,490<br>42401379/24-03-2025, ₹1,14,410 | 11,45,900 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട |
| 3 | തിരുനാരാണ കിണർ ടാങ്ക്-പമ്പ് സെറ്റ് സ്ഥാപിക്കൽ-137/25 | 42400800/<br>26-11-2024-<br>₹11,63,700<br>42400868/06-12-2024-<br>₹1,29,300 | 12,93,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട |

മേൽസൂചിപ്പിച്ച പ്രവൃത്തികളുടെ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.30/11.08.2025)

## 1-29 ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് പണി- യഥാർത്ഥ ചെലവുതുകയേക്കാൾ കൂടുതൽ തുക അനുവദിച്ചു-5,663 രൂപ നിരാകരിക്കുന്നു

മണക്കടവ് മീൻകടവ് ബണ്ട് നിർമ്മാണം എന്ന പ്രോജക്ടിനായി താഴെ പറയും വിധം 3,24,163 രൂപ തനതുഫണ്ടിൽ നിന്ന് ഗുണഭോക്തൃസമിതി ചെയർമാന്റെ ബാങ്ക് എക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.103100020020250, എങ്ങണ്ടിയൂർ ഫാർമേഴ്സ് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, പൊക്കുളങ്ങര ബ്രാഞ്ച്).

| ക്രമ നമ്പർ | തുക | വൗച്ചർ നമ്പർ/ തീയതി | ചെക്ക് നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | 1,00,000 | 22400820/19.11.2024 | 200131 | മുൻകൂർ |
| 2 | 96,000 | 22400909/09.12.2024 | 200316 | അസി. എഞ്ചിനീയറുടെ മുല്യനിർണ്ണയപ്രകാരം |
| 3 | 61,927 | 22400981/27.12.2024 | 214074 | അസി. എഞ്ചിനീയറുടെ |

| | | | | |
|---|---|---|---|---|
| | | | | മുല്യനിർണ്ണയപ്രകാരം |
| 4 | 41,421 | 22400980/27.12.2024 | 214074 | അസി. എഞ്ചിനീയറുടെ മുല്യനിർണ്ണയപ്രകാരം |
| 5 | 24,815 | 22400982/27.12.2024 | 214074 | അസി. എഞ്ചിനീയറുടെ മുല്യനിർണ്ണയപ്രകാരം |

ഓര് വെള്ളം കയറി കൃഷിയും കുടിവെള്ളവും നശിക്കുമെന്നതിനാൽ അടിയന്തിരമായി മേൽ സൂചിപ്പിച്ച തുകകൾ തനതുഫണ്ടിൽ നിന്നും അനുവദിച്ചതിനുശേഷം പിന്നീട് ബണ്ട് നിർമ്മാണം അഞ്ചു ഘട്ടങ്ങളായുള്ള പ്രോജക്ടുകളായി അംഗീകാരം നേടി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് ചെലവു തുക തനതുഫണ്ടിലേക്ക് റീ-കൂപ്പ് ചെയ്തിട്ടുണ്ട്. മണക്കടവ് മീൻകടവ് ബണ്ട് നിർമ്മാണത്തിനായി ചെലവഴിച്ച തുക അസി.എഞ്ചിനീയറുടെ മുല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് അനുവദിച്ചു നൽകിയിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃസമിതിയുടെ മിനിട്ട്സ് ബുക്ക് പരിശോധിച്ചതിൽ ഈ പ്രവൃത്തിക്കായി ആകെ ചെലവഴിച്ചത് 3,18,500 രൂപയാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പൂർണമായ വരവു ചെലവു കണക്കുകൾ സമിതി അംഗീകരിച്ചതായി കണ്ടില്ല. ഗുണഭോക്തൃസമിതി മുഖേനയുള്ള പൊതുമരാമത്ത് പണികളുടെ നിർവ്വഹണത്തിനായുള്ള മാർഗരേഖ സർക്കുലർ നം. 1/1559/2010/സിഇ/തസ്വഭവ തീ.13.11.2014 പ്രകാരം ഗുണഭോക്തൃസമിതിക്ക് തുക നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ പ്രോജക്ടിൽ ഗുണഭോക്തൃസമിതിയ്ക്ക് അനുവദിക്കാവുന്നത് അവരുടെ ചെലവു തുകയായി രേഖപ്പെടുത്തിയ 3,18,500 രൂപയാണ്. ആയതിനാൽ കൂടുതൽ നൽകിയ 5,663 രൂപ (3,24,163-3,18,500) ഗുണഭോക്തൃസമിതിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-30 അഡ്വക്കേറ്റ് ഫീസ്- ആദായ നികുതി - ടി ഡി എസ് നടത്തുന്നില്ല

ആദായ നികുതി നിയമത്തിലെ സെക്ഷൻ 194J പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്ക് ഒരു വർഷം 30,000 രൂപയ്ക്കു മുകളിൽ പേമെന്റു നടത്തുമ്പോൾ 10% തുക ടി.ഡി.എസ് നടത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷം വക്കീൽ ഫീസിനത്തിൽ അഡ്വ. ജോസഫ് ജോണി എന്ന വ്യക്തിക്ക് 33,000 രൂപ (വൗച്ചർ നം.22400140/14.05.2024) അനുവദിച്ചതിൽ നിന്ന് 10% ആദായനികുതി ടി.ഡി.എസ് നടത്തിയിട്ടില്ല. പ്രൊഫഷണൽ സേവനങ്ങൾക്കായുള്ള പേമെന്റിൽ നിന്ന് സ്രോതസ്സിൽ തന്നെ 10% ആദായനികുതി കുറവു ചെയ്യുന്നതിനുള്ള നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.18/08.08.2025).

## 1-31 ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം

ആരോഗ്യ മേഖല ഗ്രാന്റ്- ഉദ്ദേശ്യലക്ഷ്യങ്ങൾ

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂൾ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &

വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021 ലെ സ.ഉ.(പി) നം. 169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് – ആരോഗ്യമേഖലയും ഗ്രാന്റ് വിനിയോഗവും

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ ഒരു കുടുംബാരോഗ്യ കേന്ദ്രവും മൂന്ന് ആരോഗ്യ ഉപകേന്ദ്രങ്ങളും ഉണ്ട്. 2011 ലെ സെൻസസ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 23329 ഉം 16 വാർഡുകളിലായി 8077 വീടുകളും ഉണ്ട്. പാലിയേറ്റിവ് പരിചരണ രംഗത്തും, ആരോഗ്യമേഖലയിലും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് കഴിഞ്ഞ മൂന്ന് വർഷത്തെ പദ്ധതി പ്രവർത്തനങ്ങളിലൂടെ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും, ശുചിത്വ പരിപാലന/ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ രോഗപ്രതിരോധം ഉറപ്പുവരുത്തി പകർച്ച വ്യാധികളെ നിയന്ത്രിക്കുന്നതിനും, ആരോഗ്യ പരിശോധനയിലൂടെ പ്രാഥമിക ഘട്ടത്തിൽ തന്നെ രോഗനിർണ്ണയം നടത്തി ചികിത്സ തേടുന്നതിനും, ജീവിത ശൈലീ രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും, ദീർഘകാല രോഗികൾക്ക് സാമൂഹ്യ മാനസിക പിന്തുണ നൽകിയും, പാലിയേറ്റീവ് പരിചരണത്തിലൂടെ കഷ്ടതയനുഭവിക്കുന്ന രോഗികൾക്ക് ആശ്വാസം പകരുന്നതിനും ആരോഗ്യമേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് സ.ഉ.(സാധാ)നം.2132/22/ത.സ്വ.ഭ.വ തീയതി 31-08-2022, സ.ഉ.(സാധാ)നം. 1625/23/ത.സ്വ.ഭ.വ. തീയതി 09-08-2023 എന്നീ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യമേഖലാ ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മുതൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഹെൽത്ത് ഗ്രാന്റ് സ്കീം 1

കെട്ടിടങ്ങൾ ഇല്ലാത്ത സബ്സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 2022-23 വർഷത്തെ ഹെൽത്ത് ഗ്രാന്റായി 27,75,000 രൂപ 2023-24 വർഷത്തിൽ ലഭിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിക്കുന്നതിന് ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്-ഹെൽത്ത് ഗ്രാന്റ് 2022-23-സ്കീം 1- കെട്ടിടനിർമ്മാണം- ജനകീയാരോഗ്യ കേന്ദ്രം-ചേറ്റുവ (പ്രൊ.നം. 194/24) എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ തുക ചെലവഴിച്ചിട്ടില്ല.

ഹെൽത്ത് ഗ്രാൻറ് സ്കീം 3

| ക്രമ നമ്പർ | ആരോഗ്യ ഗ്രാന്റ് വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 2021-22 | 2,08,161 (2022-23 വർഷം ലഭിച്ചു) | 2,08,161 | ഇല്ല |
| 2 | 2022-23 | 8,71,000 (2023-24 വർഷം ലഭിച്ചു) | 8,71,000 | ഇല്ല |
| 3 | 2023-24 | 3,64,000 (2024-25 വർഷം ലഭിച്ചു) | 1,83,089 | 1,80,911 |

. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

എ) ഏങ്ങണ്ടിയൂർ കുടുംബാരോഗ്യകേന്ദ്രത്തിലെ ലാബിലെ രോഗനിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആർദ്രം പദ്ധതി നിഷ്കർഷിക്കുന്ന 62 ടെസ്റ്റുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി ലാബിലേക്ക് റീയെജൻസുകളും രജിസ്റ്റേഴ്സും കൺസ്യൂമബിൽസും ലഭ്യമാക്കി.

ബി) ഈ സ്ഥാപനത്തിൽ ലഭ്യമല്ലാത്ത ലാബ് പരിശോധനകൾ സാമൂഹികാരോഗ്യകേന്ദ്രം വാടാനപ്പിള്ളി ലാബ്/ താലൂക്ക് ആശുപത്രി ലാബ് / ജില്ലാ ആശുപത്രി ലാബ് എന്നിവിടങ്ങളിലേക്ക് അയക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി .

സി) ലാബ് പരിശോധനകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ പ്രോഗ്രാം,ജീവനക്കാർക്കുള്ള പരിശീലനം എന്നിവ നടത്തി .

ഡി) ലാബിൽ ഉല്പാദിപ്പിക്കപെടുന്ന ബയോ മെഡിക്കൽ മാലിന്യം ശാസ്ത്രീയമായി ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു.

ഇ) മേഖലയിൽ അടിക്കടി ഉണ്ടാകുന്ന വൈദ്യുതി തടസം ലാബ് പ്രവർത്തനങ്ങളെ ബാധിക്കാതിരിയ്ക്കാൻ ലാബിൽ ഇൻവെർട്ടർ സ്ഥാപിച്ചു.

